**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6248** **17-03-2023 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സഹകരണ ബാങ്കുകളിൽ നിന്ന് സഹകരണ ബോർഡ് മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | 2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ മലമ്പുഴ മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 257 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.അതിൽ 136 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുള്ളതും, 12 അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, 44 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തിനാൽ നിരസിച്ചിട്ടുള്ളതും, 39 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, ബാക്കിയുള്ള 26 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും തുകയും സഹകരണ സംഘങ്ങൾ തിരിച്ച് ലഭ്യമാക്കാമോ? | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിൽ നിന്നും 2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ 136 അപേക്ഷകളിലായി 1,12,52,581/-രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| SL No | BANK NAME | NO.S | AMOUNT |
|---|---|---|---|
| 1 | Malampuzha SCB LTD NO 907 | 4 | 234503 |
| 2 | Elappully SCB LTD NO F 1193 | 19 | 1495464 |
| 3 | Akathethara SCB LTD NO 1514 | 11 | 1008916 |
| 4 | Marutharoad panchayath SCB F 1253 | 2 | 64707 |
| 5 | PeruvembaCo op urban credit society LTD NO p 1243 | 14 | 796613 |
| 6 | Peruvemba SCB LTD NO F 1648 | 10 | 1022887 |
| 7 | Polpully SCB LTD NO F 1198 | 43 | 3484392 |
| 8 | Puthupariyaram Panchayath agri imp cs ltd no p 1246 | 1 | 98624 |
| 9 | Puthupariyaram SCB LTD NO F 1509 | 32 | 3046475 |
| | **TOTAL** | **136** | **11252581** |

Shaheeda

**സെക്ഷൻ ഓഫീസർ**